**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5199** **02-11-2021 - ൽ മറുപടിയ്ക്ക്**

**അസാപ്പിന്റെ ഇന്റേൺഷിപ്പ്/പ്ലേസ്മെന്റ് പോർട്ടൽ മുഖേനയുള്ള സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അസാപ്പിന്റെ ഇന്റേൺഷിപ്പ്/പ്ലേസ്മെന്റ് പോർട്ടൽ മുഖേനയുള്ള സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ബിരുദ വിദ്യാർത്ഥികൾക്കു പാഠ്യപദ്ധതിയുടെ ഭാഗമായിട്ടുള്ള ഇന്റേൺഷിപ് പൂർത്തീകരിക്കുവാനുള്ള അവസരം പ്രമുഖ വ്യവസായ സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നു. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഇതര സ്ഥാപനങ്ങൾ, മൾട്ടി നാഷണൽ കമ്പനികൾ എന്നിവയിൽ ഒരു വർഷത്തേക്കുള്ള സ്റ്റൈപ്പന്റോടുകൂടി ഇന്റേൺഷിപ്പിന് അവസരം ലഭ്യമാക്കുന്നു. പ്ലേസ്മെന്റ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്ന ബിരുദധാരികൾക്കു, പ്രധാന വ്യവസായ സ്ഥാപനങ്ങളിലും ഇതര സ്ഥാപനങ്ങളിലും ഉള്ള തൊഴിലവസരങ്ങൾ അറിയുവാനും, തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ പങ്കെടുക്കുവാനും സാധിക്കുന്നു. |
| (ബി) | പ്രസ്തുത പോർട്ടലിന്റെ സേവനത്തിലൂടെ നാളിതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; ഈ പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കാമോ? | (ബി) | അസാപിന്റെ പ്ലേസ്മെന്റ് പോർട്ടൽ പ്രവർത്തനക്ഷമമായത് ജനുവരി മാസം 2021 -ൽ ആണ്. ജനുവരി മാസം മുതൽ സെപ്റ്റംബർ വരെ 192 പേർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. അസാപിന്റെ ഇന്റേൺഷിപ്പ് പോർട്ടൽ വഴി നാളിതുവരെ 612 പേരാണ് ഇന്റേൺഷിപ്പ് ചെയ്തിട്ടുള്ളത്. പോർട്ടലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ജീവനക്കാരുടെയും അപേക്ഷകരുടെയും ഫീഡ്ബാക്ക് പ്രകാരം കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. കൂടാതെ, ഉദ്യോഗാർത്ഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികളും സ്വീകരിച്ചുവരുന്നു. (i)വിവിധ തൊഴിലവസരങ്ങളെ സംബന്ധിച്ചിട്ടുള്ള ബോധവത്കരണത്തിനായി പാനൽ ഡിസ്കഷൻസ്, വെബ്ബിനാറുകൾ എന്നിവ ലഭ്യമാക്കുന്നു. (ii)വിവരസാങ്കേതികരംഗത്തു തൊഴിൽ സാധ്യതയുള്ള വിവിധ നൈപുണ്യപരിശീലന പദ്ധതികൾ പ്രമുഖ വ്യവസായ സംരംഭങ്ങളുമായി ചേർന്നു ഉദ്യോഗാർത്ഥികൾക്കായി ലഭ്യമാക്കുന്നു. |

| | | | |
|---|---|---|---|
| | | | (iii)ഉദ്യോഗാർത്ഥികൾക്കു പ്ലേസ്മെന്റിന്റെ ഭാഗമായി വരുന്ന തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ ശോഭിക്കുന്നതിനായും, അതിലേക്ക് അവരെ സജ്ജരാക്കുന്നതിനുമായി "പ്ലേസ്മെന്റ് ഗ്രൂമിങ്" പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ